**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 656** **08-10-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ വൈദ്യുതി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന വൈദ്യുതി പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | **കെ. എസ്. ഇ. ബി .എൽ**<br><br>പ്രസരണ വിഭാഗത്തിന് കീഴിൽ മഞ്ചേശ്വരം മണ്ഡലത്തിലെ 110 kV മഞ്ചേശ്വരം സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പുതിയ 110/11 kV 12.5 എം വി എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് 2.48 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി അന്തിമഘട്ടത്തിലാണ്. 2024 നവംബർ മാസം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.<br><br>കൂടാതെ 2032 വരെയുള്ള പ്രസരണ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ലക്ഷ്യമിട്ട് രൂപപ്പെടുത്തിയിട്ടുള്ള ഹ്രസ്വകാല, ദീർഘകാല ട്രാൻസ്മിഷൻ പ്ലാനിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ കീഴിൽ താഴെ പറയുന്ന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇവ സാങ്കേതിക പഠനവും സാമ്പത്തിക വിശകലനവും നടത്തി അനുകൂലമാണെങ്കിൽ പ്രവൃത്തി ഏറ്റെടുക്കുന്നതാണ്.<br><br>110 കെവി സബ്സ്റ്റേഷൻ മഞ്ചേശ്വരത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി പുതുതായി ഒരു 110/33 കെവി, 16 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിച്ച്, 8 കി.മീ. 33 കെവി ലൈൻ നിർമ്മിച്ച് വോർക്കാഡി എന്ന സ്ഥലത്ത് 33 കെവി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഉദ്ദേശം 16.5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 2026-27 കാലയളവിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.<br><br>കാസറഗോഡ് പൈവളിഗെ എന്ന സ്ഥലത്ത് 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യകത കണക്കിലെടുത്ത് സാങ്കേതിക പഠനം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഉദ്ദേശം 26 കോടി രൂപ ചെലവ് |

പ്രതീക്ഷിക്കുന്നു. 2026-28 കാലയളവിൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

മോറത്താനയിൽ നിന്നും 110 കെവി മഞ്ചേശ്വരം സബ്സ്റ്റേഷനിലേക്ക് 3.5 കി.മീ. 110 കെവി മൾട്ടി സർക്യൂട്ട് ലൈൻ നിർമ്മിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഉദ്ദേശം 10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 2026-27 കാലയളവിൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. റീസ് കാര്യാലയത്തിന്റെ മേൽനോട്ടത്തിൽ കാസറഗോഡ് ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള കുഞ്ചത്തൂർ ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഡെപ്പോസിറ്റ് വർക്ക് വ്യവസ്ഥയിൽ, നിലവിൽ 50 കിലോവാട്ട് ശേഷിയിൽ സ്ഥാപിച്ച നിലയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് വൈദ്യുതി ഉത്പാദനം നടന്നുവരുന്നു.

കൂടാതെ 110 kV മഞ്ചേശ്വരം സബ്സ്റ്റേഷൻ വളപ്പിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ PM - KUSUM ൽ ഉൾപ്പെടുത്തി 400 കിലോവാട്ട് ശേഷിയിൽ സ്ഥാപിച്ച സൗരോർജ്ജനിലയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് വൈദ്യുതി ഉത്പാദനം നടന്നുവരുന്നു. കൂടാതെ ഗാർഹിക ഉപഭോക്താക്കൾ MNRE പദ്ധതി പ്രകാരം റൂഫ് ടോപ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നുണ്ട്.

മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ദ്യുതി 2..0, RDSS, കാസറഗോഡ് ജില്ലയുടെ വിതരണ മേഖലയ്ക്ക് പ്രത്യേകമായി ലഭിച്ച ദ്യുതി സ്പെഷ്യൽ പാക്കേജ് എന്നിവയിൽ ഉൾപ്പെടുത്തി വൈദ്യുതി വിതരണ മേഖലയിൽ വിവിധ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായും, നിലവിലെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ കപ്പാസിറ്റി വർദ്ധിപ്പിക്കൽ, 11 കെ.വി. ഫീഡറുകൾ ഇന്റർലിങ്ക് ചെയ്യൽ, പഴകിയ കമ്പികൾ മാറ്റി ABC കേബിൾ സ്ഥാപിക്കൽ, സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുന്ന പ്രവൃത്തി, കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കൽ, സ്റ്റാൻഡേർഡൈസേഷൻ, സ്പേസർ സ്ഥാപിക്കൽ ഉടങ്ങിയ പ്രവൃത്തികളാണ് ഈ പദ്ധതികളിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്.
ദ്യുതി 2.0 പദ്ധതിയിൽ 2022-2023 സാമ്പത്തിക വർഷം മുതൽ 2026-27 സാമ്പത്തിക വർഷം വരെ

| | | | |
|---|---|---|---|
| | | | 18869.31 ലക്ഷം രൂപയുടെ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2022-23 സാമ്പത്തികവർഷം മുതൽ 2024-25 (നാളിതുവരെ) RDSS പദ്ധതിയിൽ 2446.07 ലക്ഷം രൂപയുടെ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ദ്യുതി സ്പെഷ്യൽ പദ്ധതിയിൽ 2024-25 മുതൽ 2026-27 വരെ 10664.52 ലക്ഷം രൂപയുടെ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക വർഷം 2022 മുതൽ 2027 വരെ ആകെ 31979.90 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>പ്രവൃത്തികളുടെ വിശദവിവരം **അനുബന്ധമായി** ചേർക്കുന്നു<br><br>**<u>അനെർട്ട്</u>**<br><br>മഞ്ചേശ്വരം നിയമസഭ മണ്ഡലത്തിലെ കൃഷിഭവനുകളായ എൻമകജെ, മഞ്ചേശ്വരം, പുത്തിഗെ, വോർക്കാടി, മീഞ്ച, പൈവളിഗെ, മംഗൽപാടി എന്നിവിടങ്ങളിൽ അനെർട്ട് PM-KUSUM-NABARD സ്കീമിന്റെ ഭാഗമായി കാർഷിക പമ്പുകളുടെ സൗരോർജ്ജവൽക്കരണം നടത്താൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഇവിടെ സാധ്യമായ സ്ഥലങ്ങൾ കണ്ടെത്താൻ സർവ്വേ നടത്തി വരുന്നു. അനെർട്ട് ലൈഫ് മിഷൻ /ഹരിത ഊർജ്ജ വരുമാന പ്രൊജക്ടിന്റെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിൽ 2 kW സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച് നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാകുമ്പോൾ ഉണ്ടാകുന്ന ഭൗതിക നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ബി) | **<u>കെ.എസ്.ഇ.ബി.എൽ</u>**<br><br>KSEBL പ്രസരണ വിഭാഗത്തിലെ പദ്ധതികൾ യാഥാർത്ഥ്യമാകുന്നതോടെ താഴെ പറയുന്ന നേട്ടങ്ങൾ കൈവരിയ്ക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>110kV പൈവളിഗെ സബ്സ്റ്റേഷൻ യാഥാർഥ്യമാകുന്നതോടെ നിലവിലെ 50 MW പൈവളിഗെ സോളാർ പ്ലാന്റിൽ നിന്നുള്ള വൈദ്യുതി നേരിട്ട് 110 കെ വി ലൈനിലൂടെ കടത്തിവിടുന്നതുവഴി പ്രസരണനഷ്ടം ഗണ്യമായി കുറയ്ക്കാൻ സാധിക്കും നിലവിൽ ഇത് 33 kV ലൈൻ വഴിയാണ് ചെയ്യുന്നത്. മഞ്ചേശ്വരം സബ്സ്റ്റേഷനിൽ പുതിയതായി ഒരു 110/11 kV 12.5 എം വി എ ട്രാൻസ്ഫോർമർ സ്ഥാപിക്കുക വഴിയും, 33 കെവി സബ്സ്റ്റേഷൻ വോർക്കാഡി, 110 കെവി സബ്സ്റ്റേഷൻ പൈവളിഗെ എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെയും പൈവളിഗെ, ആനക്കല്ല്, വോർക്കാടി, മജീർപ്പള്ള, സുള്യമേ, ബോർക്കള, ഹോസങ്കടി, കാഞ്ഞത്തൂർ, |

ബക്രബൈൽ തലപ്പാടി, ധർമ്മ ഉൾപ്പെടെ സമീപപ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള കാര്യക്ഷമമായ തടസ്സരഹിത വൈദ്യുതി നൽകുന്നതിനും വോൾട്ടേജിൽ ഉള്ള കുറവ് പരിഹരിക്കുന്നതിനും സാധിക്കും.

സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ പ്രതിവർഷം ഏകദേശം 6.5 ലക്ഷം യൂണിറ്റ് ഹരിതോർജ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും അതിലൂടെ 500 ടൺ കാർബൺഡൈയോക്സയിഡ് ബഹിർഗമനം കുറയ്ക്കുന്നതിനും സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. കാർബൺ ന്യൂട്രൽ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പാരമ്പര്യേതര ഊർജ്ജം മുഖേനയുള്ള വൈദ്യുതി ഉത്പാദനം അത്യന്താപേക്ഷിതമാണ്.

വിതരണ വിഭാഗത്തിൽ വൈദ്യുതി വകുപ്പിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, വിതരണ ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും, സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റുകയും ചെയ്യുവാൻ സാധിക്കും. മേൽ പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ വിവിധ 11 kV ഫീഡറുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിലൂടെ വൈദ്യുതിതടസ്സം പരമാവധി ലഘൂകരിക്കാനും, ഘട്ടംഘട്ടമായി പഴകിയ കമ്പികൾ മാറ്റി ABC കേബിൾ/ UG കേബിൾ സ്ഥാപിക്കുന്നതിലൂടെ വൈദ്യുതി കമ്പികൾ പൊട്ടിവീണുണ്ടായ അപകടങ്ങൾ ഒഴിവാക്കാനും, തടസ്സരഹിതമായ വൈദ്യുതി ഇടതടവില്ലാതെ നൽകുന്നതിനും സാധിക്കുന്നതാണ്.

**<u>അനെർട്ട്</u>**

സൗരോർജ്ജ ഉല്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പി എം കുസും പദ്ധതി (PM- KUSUM). കാർഷിക കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ലഭിക്കുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺ വഴി കണ്ടെത്തി സൗജന്യമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നബാർഡിൽ നിന്നും അനുമതി ലഭിച്ച 636 പമ്പുകളാണ് കാസർഗോഡ് ജില്ലയിൽ ആദ്യ ഘട്ടത്തിൽ സൗരോർജ്ജവൽക്കരിക്കുന്നത്. ഈ പദ്ധതി

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുമ്പോൾ ഏകദേശം 2.8 മില്യൺ യൂണിറ്റ് അധിക വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പിഎം കുസും പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ പ്ലാന്റുകളും ശൃംഖല ബന്ധിതമാണ്. ലോൺ തിരിച്ചടവ് കാലാവധിയായ 7 വർഷത്തിന് ശേഷം കർഷകന് സൗരോർജ്ജ നിലയത്തിന്റെ പൂർണ ഉടമസ്ഥാവകാശം ലഭിക്കുന്നു. ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയിൽ, ഉപയോഗശേഷമുള്ള വൈദ്യുതി KSEBL-ന് നിശ്ചിത തുകയ്ക്ക് വിൽക്കുന്നത് വഴി കർഷകന് ഒരു വരുമാന മാർഗമാകുന്നു. 5kW സൗരോർജ്ജ നിലയം സ്ഥാപിക്കുന്നത് വഴി കർഷകന് പ്രതിവർഷം ഏകദേശം 10,000/-മുതൽ 15,000/- രൂപ വരെ അധിക വരുമാനം ലഭിക്കും. പ്രതിവർഷം കൃഷിവകുപ്പ് നൽകി വരുന്ന കാർഷിക ഊർജ്ജ സബ്സിഡി തുക ലാഭിക്കുവാനും, അത് മറ്റു കർഷക ക്ഷേമ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുവാനും സാധിക്കും. കാർഷിക പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്നതിലൂടെ കൃഷിയിടങ്ങളിൽ നിന്നുള്ള കാർബൺ ബഹിർഗമനം കുറക്കുവാനാകും.<br><br>അനെർട്ട് ഹരിത ഊർജ്ജ വരുമാന പ്രോജക്ടിന്റെ ഭാഗമായി ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് വെച്ചവരിൽ നിന്ന് തിരഞ്ഞെടുക്കുന്നവർക്ക് സൗജന്യമായി സോളാർ പവർ പ്ലാന്റ് നിർമ്മിച്ച് കൊടുക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഉപഭോക്താവിന് വൈദ്യുതി ചാർജ് കുറയുകയും, കൂടുതലായി ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് KSEBL-ൽ നിന്നും ഉപഭോക്താവിന് വരുമാനം ലഭിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Manjeshwaram LAC | | |
|---|---|---|
| | | |
| Scheme | Financial Year | Planned amount (Rs in Lakhs) |
| Dyuthi2.0 | 2022-23 | 2546.89134 |
| Dyuthi2.0 | 2023-24 | 4878.35361 |
| Dyuthi2.0 | 2024-25 | 3854.39506 |
| Dyuthi2.0 | 2025-26 | 4172.2037 |
| Dyuthi2.0 | 2026-27 | 3417.46742 |
| **Dyuthi2.0** | **Sub total** | **18869.31113** |
| RDSS | 2022-23 | 335.4113 |
| RDSS | 2023-24 | 1692.00206 |
| RDSS | 2024-25 | 418.65736 |
| **RDSS** | **sub Total** | **2446.07072** |
| Dyuthi special | 2024-25 | 3599.0529168 |
| Dyuthi special | 2025-26 | 3561.3539081 |
| Dyuthi special | 2026-27 | 3504.1149455 |
| **Dyuthi special** | **Sub total** | **10664.5217704** |
| **MJR LAC Total** | | **31979.9036204** |